# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3811 – 21/06/2019 - ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ

ചോദ്യം | ഉത്തരം

ശ്രീ.കെ.ജെ. മാക്സി

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കാൻ പ്രഖ്യാപിച്ച പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്; | വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 16.05.2017 ലെ സ.ഉ.(പി) നം. 65/2017/ധന, 12.07.2017 ലെ സ.ഉ.(പി) നം. 89/2017/ധന, 30.10.2017 ലെ സ.ഉ.(പി)നം. 135/2017/ധന, 07.06.2018 ലെ സ.ഉ.(പി)നം. 85/2018/ധന, 21.03.2019 ലെ സ.ഉ.(പി)നം. 34/2019/ധന എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 02.08.2017-ലെ 61/2017/ധന. സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും 20.11.2017 തീയതിയിലെ 81/2017/ധന സർക്കുലർ പ്രകാരം ബാങ്കുകൾക്കുള്ള |

| | | |
|---|---|---|
| | | മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി മൂലം സർക്കാരിന് എത്ര കോടി രൂപയുടെ ബാധ്യതയുണ്ടായി; വ്യക്തമാക്കാമോ; | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം ഇതു വരെ 156.73 കോടിരൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | ഈ ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബവാർഷിക വരുമാന പരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടുംബവാർഷിക വരുമാന പരിധി വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**